
പുസ്തകത്തിൽനിന്ന്

എ.പി അബ്ദുർറഹ്മാൻ ഫൈസി

# സമസ്തയും സ്ത്രീധനവും

സമസ്ത കേരള ഇ.കെ വിഭാഗം പണ്ഡിതനാണ് എ.പി അബ്ദുർറഹ്മാൻ ഫൈസി. അദ്ദേഹത്തിന്റെ *അൽബാഇന* എന്ന അറബി രചന കെ.ടി മുഹമ്മദ് അശ്റഫ് വിവർത്തനം ചെയ്ത് 'സ്ത്രീധനം: തെറ്റും ശരിയും' എന്ന പേരിൽ ഗ്രന്ഥമായി പ്രസിദ്ധീകരിച്ചു. ഹൂർലിൻ പർദ കമ്പനിയാണ് പുസ്തകം വിതരണം ചെയ്യുന്നത്. പ്രസ്തുത പുസ്കതത്തിൽനിന്നുള്ള ഭാഗങ്ങൾ.




**സമസ്ത** കേരള ജംഇയ്യത്തുൽ ഉലമ എന്തുകൊണ്ട് സ്ത്രീധനം അനുവദനീയമാക്കി എന്നു ചോദിക്കുന്ന ഒരുപാടാളുകളുണ്ട്. എന്നാൽ വസ്തുത ഇങ്ങനെ മനസ്സിലാക്കാം. ആദ്യകാലത്ത് സ്ത്രീധനം നൽകാൻ സാധിക്കുന്ന ബന്ധുവീട്ടുകാർ പുതുമണവാളനെ ആദരിക്കാനും സാമ്പത്തികമായി എന്തെങ്കിലും സഹായിക്കുക എന്ന ലക്ഷ്യത്തോടെയും പെണ്ണിന്റെ ഭാഗത്തുനിന്ന് പൂർണ സംതൃപ്തിയോടെ നൽകുന്ന ധനമായിരുന്നു സ്ത്രീധനം. എന്നാൽ പിൽക്കാലത്ത് അത് വിവാഹത്തിന് അനിവാര്യമായി വരികയും ഇതിനാൽ കടുത്ത ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്ന അവസ്ഥ സമൂഹത്തിൽ വന്നുഭവിച്ചു. കേരളത്തിലെ ഉൽപതിഷ്ണുവിഭാഗം കർമശാസ്ത്ര വിധികളോ അവയുടെ അടിസ്ഥാനങ്ങളോ പരതാതെ അത് നിരുപാധികം നിഷിദ്ധമാണെന്ന് മതവിധി പുറപ്പെടുവിക്കുകയും ചെയ്തു. എന്നാൽ സമസ്ത ഒരുന്നത പണ്ഡിതസഭയാണല്ലോ?

ഈ ഘട്ടത്തിൽ സ്ത്രീധനം ഹറാമാണോ എന്ന ഒരു പൊതുചോദ്യം സമസ്തയുടെ മുന്നിൽ വന്നപ്പോൾ, 1963 സെപ്റ്റംബർ 21ന് ചേർന്ന സമസ്ത അത് ഹറാമല്ല എന്നു മറുപടി നൽകി. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയിൽപെട്ട ആരെങ്കിലും അങ്ങനെ മറുപടി നൽകിയിട്ടുണ്ടെങ്കിൽ അത് അക്കാലത്ത് പിടിച്ചുപറിയോ നിർബന്ധ ബുദ്ധിയോടുകൂടിയോ അല്ലാത്ത സ്ത്രീധനത്തെക്കുറിച്ചായിരുന്നു എന്നു ഗ്രഹിക്കാം. ഒരു മനുഷ്യൻ മറ്റൊരു മനുഷ്യന് തന്നിഷ്ടപ്രകാരം നൽകുന്ന വസ്തു നിഷിദ്ധമാണെന്ന് പറയാൻ പറ്റുമോ? ഒരാൾ തന്റെ മകൾക്കോ ഭാര്യക്കോ ദാനമായി നൽകുന്ന ധനം വിലക്കാൻ എന്തുണ്ട് ന്യായം? ഇതല്ലാതെ ഇന്നു ക്രൂരമായി നിലനിൽക്കുന്ന സ്ത്രീധനദുരന്തത്തെ സമസ്തയോ പ്രബല പണ്ഡിതന്മാരോ ആരും തന്നെ അനുകൂലിക്കുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്തതായി അറിവില്ല.

നമ്മുടെ പുതിയ പ്രശ്നവും അനിവാര്യ ഗവേഷണം നടക്കേണ്ടതുമായ വിഷയം അടിസ്ഥാനപരമായി സ്ത്രീധനത്തെക്കുറിച്ചല്ല. മറിച്ച് ജനങ്ങളെ പീഡിപ്പിക്കുന്ന രീതിയിലുള്ള ഇന്നത്തെ സ്ത്രീധനയവകാശവാദത്തെക്കുറിച്ചാണ്. ഇന്നത്തെ ഈ പീഡനാത്മക സ്ത്രീധനം അനുവദനീയമാണെന്ന് സമസ്തയിലെ എന്നല്ല സത്യവും പ്രബോധനവും കൈമുതലാക്കിയ ഒരു പണ്ഡിതനും പറഞ്ഞി

**വിശുദ്ധമായത് മാത്രമേ നാം ഭക്ഷിക്കാനും സ്വീകരിക്കാനും ദാനം ചെയ്യാനും പാടുള്ളൂ. അതിനാൽ തർക്കിച്ചും നിർബന്ധിച്ചും സ്ത്രീധനം ആരും വാങ്ങരുത്. കാരണം അവ സംശുദ്ധമല്ല. മലിനമാണ്. ഈ മലിനസമ്പത്ത് സ്വീകരിക്കുന്നവർ, അത് സമൂഹത്തെ തീറ്റിക്കുന്നവർ, അവർ പണ്ഡിതന്മാരായാലും പാമരരായാലും അതിന്റെ തിക്തഫലം അവരിലോ അവരുടെ സന്താനങ്ങളിലോ ഭാര്യമാരിലോ വെളിവാകുന്നതാണ്.**

**എല്ലാ വെള്ളിയാഴ്ചയും തന്റെ മുമ്പിൽ വന്ന് സ്വഫ്ഫായിരിക്കുന്ന ഒരു സമൂഹത്തിനു മുമ്പിൽ യാതൊരു ബുദ്ധിമുട്ടുമില്ലാതെ പ്രബോധനം ചെയ്യാൻ അവസരമുണ്ടായിട്ടും ഇത്തരം സാമൂഹികവിപത്തിനെതിരെ വിരലനക്കാതെ പുത്തൻവാദികളെ മുൻകടക്കേണ്ടിവരുമെന്നു പറഞ്ഞ് തടിതപ്പിയാൽ റബ്ബിന്റെ കോടതിയിൽനിന്നും രക്ഷപ്പെടാൻ നമുക്കാകുമോ?**

ട്ടില്ല.

മുസ്‌ലിംകളെ പീഡിപ്പിക്കുക (വിശിഷ്യാ, അവർക്കർഹതപ്പെടാത്ത സ്വത്തിന്റെ പേരിൽ) എന്നുള്ളതിന്റെ വിധി ഇസ്‌ലാമികസമൂഹത്തിന്റെയരികെ ഗോപ്യമായി വെക്കേണ്ട വിഷയമല്ല. ബുദ്ധിയുള്ളവരാരും തന്നെ ഇതനുവദനീയമാക്കുകയില്ല. മുസ്‌ലിംകളെ പീഡിപ്പിക്കുന്നത് അനുവദനീയമാണെന്ന് പണ്ഡിതൻ മതവിധി നൽകിയാൽ അയാൾ യഥാർഥ പണ്ഡിതനല്ല. അയാൾ കളവ് കെട്ടിപ്പടുക്കുന്നവനാണെന്ന കാര്യത്തിൽ സംശയമേതുമില്ല. ആളുകൾ അയാൾക്ക് പണ്ഡിതൻ എന്ന വിശേഷണം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ ഉപമ നബി(സ) കൂപമണ്ഡൂകം (അബൂജഹ്ൽ) എന്ന പേരു നൽകിയവനെ ജനങ്ങൾ അബുൽ ഹകം എന്നു വിളിച്ചതുപോലെയാണ്. സമസ്ത മുമ്പ് ഇങ്ങനെ ഒരു ഫത്‌വ നൽകി. ഇപ്പോൾ അതെങ്ങനെ മാറ്റിപ്പറയും എന്നു ചോദിക്കുന്നവരോട് പറയാനുള്ളത്, പരലോകമോക്ഷം കാംക്ഷിക്കുന്ന ഉത്തമ പണ്ഡിതന്മാരുടെ ഉത്തരവാദിത്വം, ജനങ്ങളുടെ കാലോചിതമായ ആവശ്യങ്ങളും അവസ്ഥകളും പരിഗണിച്ച് ഇസ്‌ലാമികസമൂഹത്തിന് അനുഗുണമായ കാര്യങ്ങൾ അവർക്ക് പഠിപ്പിച്ചു കൊടുക്കുകയും മതനിയമങ്ങൾ വ്യക്തമാക്കിക്കൊടുക്കുകയും ചെയ്യുക എന്നതാണ്. ഇതിനായി അഹ്‌ലുസുന്നത്തി വൽജമാഅത്തിന്റെ ആശയങ്ങൾക്ക് വിരുദ്ധമാവാതെ മുട്ടുവാദക്കാർക്കും ശത്രുക്കൾക്കുമെല്ലാം മറുപടി നൽകാൻ സാധിക്കുന്ന വിധത്തിൽ ഇസ്‌ലാമിക സമൂഹത്തിനു ഗുണമാകുന്നവിധം കാലോചിതവും സമയോചിതവുമായ വിഷയങ്ങളിൽ ചർച്ചയും അന്വേഷണവും നടത്തുകയും അനുഗുണമായത് ഉൾക്കൊള്ളുകയും വേണം.

ശംസുൽ ഉലമ ഇ.കെ ഉസ്താദിന്റെ (ന.മ) ചില നടപടികൾ ഇതിനുദാഹരണമാണല്ലോ? നഴ്സറി പുസ്തകങ്ങളിലെ ചിത്രങ്ങൾ, പെൺകുട്ടികൾക്ക് എഴുത്തഭ്യസിപ്പിക്കൽ, ഇംഗ്ലീഷ് വിദ്യാഭ്യാസം, വനിതാ കോളേജ് എന്നീ വിഷയങ്ങളിലെ ആധുനികപ്രവർത്തനപദ്ധതികൾ നമ്മുടെ മുമ്പിലുണ്ട്. ചില ഗ്രന്ഥങ്ങളിൽ എതിരഭിപ്രായങ്ങൾ നിലനിൽക്കെത്തന്നെ മറ്റു ചില ഗ്രന്ഥങ്ങളിലെ ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പല കാര്യങ്ങളും നാം വിലക്കിയിട്ടുണ്ട്. പിന്നെ സമൂഹത്തിൽ ഭൂരിപക്ഷത്തിനും നാശമുണ്ടാക്കുന്ന രീതിയിലുള്ള സ്ത്രീധന സമ്പ്രദായത്തെ നിഷിദ്ധമാക്കാൻ നമ്മെ വിലക്കുന്ന കാര്യമെന്താണ്?

* * * *

### സ്ത്രീധനത്തിന്റെ ഭൗതിക ശിക്ഷ

അശുദ്ധ സ്ത്രീധനം വാങ്ങിയവൻ ഭൗതികലോകത്തുതന്നെ ശിക്ഷിക്കപ്പെടുന്നു. ആദ്യത്തെ സന്തതി പെണ്ണായാൽ അല്ലെങ്കിൽ ഒരാൾക്ക് ഒന്നിലധികം പെൺമക്കളുണ്ടായാൽ ഭൗതികലോകത്തുവെച്ച് തന്നെ അല്ലാഹു അയാളെ പരീക്ഷിക്കുന്നു. പിന്നെയെങ്ങനെയാണയാൾക്ക് ഉറക്കം വരിക? (പെൺമക്കളുള്ളവർ മുഴുവൻ സ്ത്രീധനത്തിന്റെ പേരിൽ ശിക്ഷിക്കപ്പെടുന്നവരാണെന്നോ കഷ്ടപ്പെടുന്നവരാണെന്നോ നമ്മൾ പറയുന്നില്ല. സ്ത്രീധനത്തിന് പുല്ലുവില കൽപിക്കാത്ത എത്രയോ പേരെ നാം നിത്യവും കാണുന്നു). സ്ത്രീധനത്തിനു കൊതിക്കുന്ന സമൂഹം മൊത്തവും ശിക്ഷിക്കപ്പെടുന്നുണ്ട്. നാല് പെൺകുട്ടികളുള്ളവർ മുഴുവൻ ഗതികെട്ട് ഉഴറുകയാണ്. അവർ ഗൾഫിലേക്ക് ഓടുന്നു. ഏതു നേരവും ഖൽബിൽ ഒരേയൊരു ചിന്ത, എനിക്കു പെൺമക്കളാണല്ലോ? ഞാൻ അവരെ എങ്ങനെ വിവാഹം കഴിച്ചയക്കും? ഇരിക്കപ്പൊറുതിയില്ല. അവന്റെ ഹൃദയത്തിലും തലയിലും ധമനികളിലും സ്ത്രീധനത്താൽ മലീമസമായ ദുർരക്തമങ്ങനെ ഓടുകയാണ്. മൂത്തമകളെ എങ്ങനെയെങ്കിലും കല്യാണം കഴിച്ചയച്ചു. രക്ഷയുണ്ടോ? കഴിച്ച മകളുടെ തന്നെ ആവശ്യങ്ങളും പരാതികളും ചടങ്ങുകളും ആചാരങ്ങളും വർധിച്ചുവരികയാണ്. പിന്നെയെങ്ങനെ രണ്ടാമത്തെ മകളെ കെട്ടിച്ചയക്കും? ഭാര്യയെ താൻ വിവാഹം ചെയ്യുമ്പോൾ ഭാര്യാവീട്ടുകാരെ കഷ്ടപ്പെടുത്തിയതിനുള്ള ദൈവികശിക്ഷയെന്നല്ലാതെ എന്തു പറയുമിതിന്?

അവനൊരുപക്ഷേ ഇത് മറന്നിട്ടുണ്ടാകും. പക്ഷേ അല്ലാഹു മറക്കണ്ടേ? അല്ലാഹു അവന്റെ വിശുദ്ധ ഗ്രന്ഥത്തിൽ വ്യക്തമാക്കിയതല്ലേ? ആകാശഭൂമികളിൽ ചെറുതോ വലുതോ ആയ അണുമണിത്തൂക്കം കാര്യങ്ങളും അതിനനുയോജ്യമായ പ്രതിഫലം നൽകിയിട്ടല്ലാതെ അവയെ ഒഴിവാക്കപ്പെടുകയില്ലായെന്ന്. ഒരാൾ അണുമണിത്തൂക്കം നന്മ ചെയ്താൽ അതവനെ കാണിക്കപ്പെടും, തിന്മ ചെയ്താൽ അതും കാണിക്കപ്പെടുമെന്ന് അല്ലാഹു മുന്നറിയിപ്പ് നൽകിയിട്ടുണ്ടല്ലോ? അല്ലാഹു എല്ലാ വസ്തുക്കളുടെയും കണക്കെടുക്കുന്നവനാണ്. അവൻ പ്രതാപമുടയവനും യുക്തിജ്ഞനുമാണ്.

അല്ലാഹുവിന്റെ ശിക്ഷയിൽനിന്ന് ആർക്കെങ്കിലും മോചനം ലഭിക്കണമെങ്കിൽ അവനാദ്യം നിഷ്കളങ്കമായ പശ്ചാത്താപമാണ് നിർവഹിക്കേണ്ടത്. അതിനവൻ സ്വന്തം ഭാര്യയുടെയും ഭാര്യാപിതാവിന്റെയും ബാധ്യതകൾ തിരിച്ചു നൽകട്ടെ. അവന്റെ ധനപരമായ ബാധ്യത നിറവേറ്റേണ്ടത് ഭാര്യയെ ഭയപ്പെട്ടുകൊണ്ടോ ഭയപ്പെടുത്തിക്കൊണ്ടോ അല്ല. അല്ലാഹുവിനെ ഭയപ്പെട്ടുകൊണ്ടാണ്. ഇനി അവനു തിരിച്ചു നൽകാൻ സാമ്പത്തിക പ്രയാസമാണെങ്കിൽ ഭാര്യയോടും അവളുടെ പിതാവിനോടും ആത്മാർഥമായ രീതിയിൽ പൊരുത്തപ്പെടീക്കയാണ് വേണ്ടത്. ഇതൊരു പേരിനു വേണ്ടിയുള്ള പറച്ചിലാവരുത്. ശേഷം അവന്റെ തൗബയുടെയും സത്യസന്ധതയുടെയും പൂർത്തീകരണത്തിനു വേണ്ടി അവൻ സമൂഹമധ്യത്തിലിറങ്ങി അന്ധമായ സ്ത്രീധനത്തിന്റെ ഭവിഷ്യത്തുകൾ സമൂഹത്തിന് മനസ്സിലാക്കിക്കൊടുക്കണം.

### അനുകൂലവാദങ്ങളിൽ വഞ്ചിതരാവരുത്

കാണാൻ സൗന്ദര്യമില്ലാത്ത പെൺകുട്ടികൾക്ക് സ്ത്രീധനം മൂലം കല്യാണം ശരിയാവുമല്ലോ. അതുകൊണ്ട് സ്ത്രീധനം തെറ്റില്ലായെന്നു പ്രചരിപ്പിക്കുന്ന മറ്റൊരു കൂട്ടരെ നമുക്ക് കാണാം. ഈ വാക്കുകൾ അബദ്ധവും അപകടം നിറഞ്ഞതുമാണ്. അക്രമികളിൽനിന്നും തെമ്മാടികളിൽനിന്നും പള്ളിപോലെയുള്ളവക്ക് നേരെ അക്രമം വരുമ്പോൾ അവയെ സംരക്ഷിക്കാൻ കള്ള് കുടിയന്മാരും ആവശ്യമാണ് എന്നു പറയുന്നതുപോലെ

യാണിത്. ഇത്തരം ചില അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അതിനാൽ കുടിയന്മാർ വളരെ സജീവമായി കള്ളു കുടിക്കട്ടെ അവരെ നാം പിന്തിരിപ്പിക്കേണ്ടതില്ലായെന്ന് പറയും പോലെയാണിവരുടെ വാദം. എങ്ങനെയുണ്ട് ഇവരുടെ വാക്കുകൾ? മദ്യപാനം നമുക്ക് അനുവദിച്ചു കൊടുക്കാൻ പറ്റുമോ? അത്തരം കുടിയന്മാർക്ക് നമ്മുടെ ഹലാലാക്കൽ ഫത്‌വയൊന്നും ആവശ്യമില്ല. നാട്ടിൽ അത്തരക്കാർ കാരണമായായിരിക്കും പള്ളിക്കു ആക്രമണം വന്നുചേരുന്നത് എന്നു പലരും ധരിക്കുന്നില്ല. അപ്രകാരം തന്നെ വൈരൂപ്യത്തിന്റെയും മറ്റും പേര് പറഞ്ഞ് സ്ത്രീധനം നൽകേണ്ടിവരുന്നവർ സ്വന്തം ഭാര്യയിൽ നിന്നോ മറ്റോ വാങ്ങിയ സ്ത്രീധനത്തിന്റെ ഫലമോ മറ്റോ ആവാം. അത് അവർ കൊടുക്കുകയും ചെയ്യും. അതിന് പണ്ഡിതന്മാരുടെ ഫത്‌വ തേടൽ പതിവില്ല. മരണാസന്നന്റെ കരൾ മാന്തുന്നതുപോലെ ദരിദ്രനോട് വൻതുക സ്ത്രീധനം വാങ്ങുന്നവനാണോ പിന്നെ നമ്മുടെ ഫത്‌വക്കാവശ്യം? സന്മാർഗത്തിലേക്കുള്ള പ്രബോധനം ഉഖ്റവിയായ (പരലോക കാംക്ഷയുള്ള) പണ്ഡിതന്മാരുടെ കടമയാണ്. അതാണ് അല്ലാഹു അവരുടെ മേൽ ചുമത്തിയിട്ടുള്ള ബാധ്യത.

* * * *

സ്നേഹിതന്മാരേ, സ്ത്രീധനത്തുക കൊണ്ട് നടത്തപ്പെടുന്ന വിവാഹവീടുകളിൽനിന്ന് നാമെങ്ങനെയാണ് ഭക്ഷണം കഴിക്കുക? ധാരാളമാളുകൾ ജനങ്ങളെ വിവാഹത്തിനു ക്ഷണിക്കുകയും അവരെ വിവിധയിനം ഭക്ഷണം തീറ്റിക്കുകയും ചെയ്യുന്നു. സ്ത്രീധനത്തുകയാണ് അവരിലധികപേരും ഈ പരിപാടിക്ക് ചെലവഴിക്കുന്നത്. ഈ പണം ലഭിക്കുന്നതിനു വേണ്ടിയല്ലേ വിവാഹത്തിനു ആഴ്ചകൾക്ക് മുമ്പ് നിക്കാഹ് നടത്തുന്നത്? ഇതൊരു രഹസ്യമായ പരസ്യമല്ലേ?

നാം പാപമോചനത്തിനും ഉദ്ദേശ്യസാഫല്യത്തിനും മറ്റും അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ഒരുപാടാളുകൾ നമ്മുടെ കൂടെയിരുന്ന് ആത്മാർഥതയോടെ ആമീൻ പറയുന്നു. എങ്ങനെയാണ് ഉത്തരം ലഭിക്കുക? നമ്മൾ സയ്യിദുൽ മുർസലീൻ മുഹമ്മദ്(സ)യുടെ വാക്കുകളെത്തൊട്ട് അശ്രദ്ധരല്ലേ? ഒരിക്കൽ പ്രവാചക സവിധത്തിൽ, 'ഓ, ജനങ്ങളേ, നിങ്ങൾ ഭൂമിയിൽ അനുവദനീയവും സംശുദ്ധവുമായ ഭക്ഷണം കഴിക്കുക' എന്നർഥം വരുന്ന ഖുർആനികസൂക്തം ഓതപ്പെട്ടു. ഈയവസരത്തിൽ സഅ്ദുബ്നു അബീ വഖാസ്(റ) എഴുന്നേറ്റുനിന്ന് അല്ലാഹുവിന്റെ റസൂലിനോട് പറഞ്ഞു: 'നബിദൂതരേ, എന്നെ പ്രാർഥനക്കുത്തരം ലഭിക്കുന്നവനാക്കാൻ താങ്കളൊന്ന് അല്ലാഹുവിനോട് പ്രാർഥിക്കണം.' നബി(സ)പറഞ്ഞു: 'സഅ്ദേ, നീ സംശുദ്ധമായ ഭക്ഷണം കഴിക്കുക. എന്നാൽ നീ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നവനാകും. മുഹമ്മദിന്റെ ആത്മാവ് ആരുടെ കൈവശമാണോ, അവനെ തന്നെ സത്യം. ഏതൊരു ദൈവദാസനും അവൻ അകത്താക്കുന്ന ഒരുപിടി ഭക്ഷണം നിഷിദ്ധമായവയിൽ നിന്നാണെങ്കിൽ അവന്റെ നാൽപതുനാളുകളിലെ സൽപ്രവൃത്തികൾ സ്വീകരിക്കപ്പെടുന്നതല്ല. വല്ലവന്റെയും മാംസം നിഷിദ്ധസമ്പത്ത് കൊണ്ടാണ് വളർന്നതെങ്കിൽ നരകമാണവന് കൂടുതൽ അർഹതപ്പെട്ടത്.'

കല്യാണവീടുകളിൽപോയി ഇത്തരം നിഷിദ്ധ വസ്തുക്കൾ, നല്ലപോലെ വയർനിറച്ച്, പിന്നെ പള്ളികളിലെ ദിക്ർ സദസ്സുകളിലും മറ്റും വെച്ച് കൈയുയർത്തി അല്ലാഹുവിനോട് പ്രാർഥിക്കുന്നു. പാവം കുറെ ആളുകൾ അതിന് ആമീൻ പറയുന്നു. എങ്ങനെയാണ് ഈ നബിവചനത്തിന്റെ വെളിച്ചത്തിൽ നമ്മുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുക?

അല്ലാഹു അവന്റെ വിശുദ്ധ ഗ്രന്ഥത്തിൽ നമ്മെ പഠിപ്പിക്കുന്നു: 'നാം നിങ്ങൾക്ക് നൽകിയതിൽനിന്ന് സംശുദ്ധമായത് ഭക്ഷിക്കുക. അതുപോലെ നാം നിങ്ങൾക്ക് നൽകിയതിൽനിന്ന് ശുദ്ധമായത് മാത്രം നിങ്ങൾ ചെലവഴിക്കുക.'

അനുവദനീയവും സംശുദ്ധവും എന്നാണ് പറയുന്നത്. ഹലാൽ (അനുവദനീയം) എന്നതുകൊണ്ട് നിർത്തുന്നില്ല. എന്താണ് ഹലാൽ? ശർഇയ്യായ വിധിപ്രകാരം ഹറാമിന്റെ വിപരീതമാണ് ഹലാൽ. എല്ലാ ഹലാലുകളും സംശുദ്ധമായിക്കൊള്ളണമെന്നില്ല. ഹലാൽ-ഹറാം മിശ്രിതത്തിൽനിന്നും മാലിന്യത്തിൽനിന്നും ധനം മുക്തമാവുന്നുവോ എന്നതാണ് ഇതിന്റെ അടിസ്ഥാനം. ഉദാഹരണത്തിന് പോത്തിറച്ചി ഹലാലാണ് (അനുവദനീയം). പന്നിറച്ചി ഹറാമാണ് (നിഷിദ്ധം). എന്നാൽ ഉടമസ്ഥന്റെ പൂർണ സംതൃപ്തിയില്ലാതെ അറുക്കപ്പെട്ട പോത്തിന്റെ മാംസം സംശുദ്ധമല്ല. സംതൃപ്തിയോടെ നിയമപ്രകാരം അറുത്തതുകൊണ്ട് പന്നി മാംസം സംശുദ്ധമാവുന്നതുമല്ല.

ജീവിതം സംശുദ്ധമാകണമെന്നാഗ്രഹിക്കുന്നവർ അവരുടെ ഭക്ഷണവും പാനീയവും സമ്പത്തുമെല്ലാം ശർഇൽ അനുവദനീയവും അതിന്റെ പ്രയോജനത്തിൽ സംശുദ്ധവുമായിരിക്കണം. അല്ലാഹു സംശുദ്ധനാണ്. അവൻ സംശുദ്ധമായത് മാത്രമേ സ്വീകരിക്കുകയുള്ളൂ. അതിനാൽ വിശുദ്ധമായത് മാത്രമേ നാം ഭക്ഷിക്കാനും സ്വീകരിക്കാനും ദാനം ചെയ്യാനും പാടുള്ളൂ. അതിനാൽ തർക്കിച്ചും നിർബന്ധിച്ചും സ്ത്രീധനം ആരും വാങ്ങരുത്. കാരണം അവ സംശുദ്ധമല്ല. മലിനമാണ്. ഈ മലിനസമ്പത്ത് സ്വീകരിക്കുന്നവർ, അത് സമൂഹത്തെ തീറ്റിക്കുന്നവർ, അവർ പണ്ഡിതന്മാരായാലും പാമരരായാലും അതിന്റെ തിക്തഫലം അവരിലോ അവരുടെ സന്താനങ്ങളിലോ ഭാര്യമാരിലോ വെളിവാകുന്നതാണ്. സന്താനങ്ങൾ പിഴച്ച ചിന്തയുള്ളവരോ വികല വിശ്വാസമുള്ളവരോ തെമ്മാടികളോ ദുർവൃത്തരോ ആയി മാറുന്നു (അവന്റെ പിതാവ് ഭക്തിയിൽ പ്രശസ്തനും അഗാധപണ്ഡിതനുമൊക്കെയാണെങ്കിൽ പോലും).

* * * *

പൊതുജനങ്ങൾക്ക് ഭക്ഷണം നൽകാനും മഹ്റിനും വിവാഹവസ്ത്രങ്ങൾക്കുമൊക്കെയല്ലേ ഈ കാശ് ഉപയോഗിക്കുന്നത് എന്ന് ചിലർ ഒഴികഴിവുകൾ പറയാറുണ്ട്. അതിന് പണ്ഡിതർ എന്തു ഉത്തരം പറയും? അവർ ആളുകൾക്ക് പഠിപ്പിച്ചുകൊടുക്കണം, വിവാഹമെന്നാൽ അതൊരു സാമൂഹികാചാരമല്ല. അത് മതപരമായ ഒരു പുണ്യകർമമാണ്. വിവാഹസദ്യ നൽകൽ സുന്നത്ത് മാത്രമാണ്. ശുദ്ധമായ ധനം കൊണ്ടാണ് അത് നൽകേണ്ടത്. ചീത്ത മുതലിൽ നിന്നല്ല. മലിനസമ്പത്തിൽനിന്ന് ചെലവഴിക്കൽ ഇസ്ലാ

**സ്നേഹിതന്മാരേ, സ്ത്രീധനത്തുക കൊണ്ട് നടത്തപ്പെടുന്ന വിവാഹവീടുകളിൽനിന്ന് നാമെങ്ങനെയാണ് ഭക്ഷണം കഴിക്കുക? ധാരാളമാളുകൾ ജനങ്ങളെ വിവാഹത്തിനു ക്ഷണിക്കുകയും അവരെ വിവിധയിനം ഭക്ഷണം തീറ്റിക്കുകയും ചെയ്യുന്നു. സ്ത്രീധനത്തുകയാണ് അവരിലധികപേരും ഈ പരിപാടിക്ക് ചെലവഴിക്കുന്നത്.**

മികാരാധനയല്ല. മറിച്ച് ശിക്ഷിക്കപ്പെടേണ്ട അപരാധമാണ്. അല്ലാഹു പറയുന്ന കാര്യം ജനങ്ങൾ പഠിപ്പിച്ചുകൊടുക്കണം.

'നിങ്ങൾ അവർക്ക് (സ്ത്രീകൾ) നൽകിയ മഹ്‌റിൽനിന്ന് (അവയെത്ര നിസ്സാരമാണെങ്കിലും) നിങ്ങൾ എടുക്കൽ അനുവദനീയമല്ല' (*അൽബഖറ* 229) എന്ന് അല്ലാഹു കൽപിക്കുമ്പോൾ, അവർക്ക് പുരുഷൻ നൽകിയിട്ടില്ലാത്ത സമ്പത്ത് നാമെങ്ങനെ അനുവദനീയമാക്കും? വിവാഹാന്വേഷണവും വിവാഹമൂല്യവും ലളിതമായിരിക്കലാണ് സ്ത്രീക്ക് പുണ്യം എന്ന് ആഇശ(റ)യെ തൊട്ട് നിവേദനം ചെയ്ത നബിവചനം പണ്ഡിതന്മാർ ആവർത്തിച്ച് അവരെ ബോധ്യപ്പെടുത്തണം.

* * * *

## ജ്ഞാനികളോടൽപം

സ്ത്രീധനവിരുദ്ധ കാമ്പയിൻ നമ്മളേക്കാൾ മുമ്പ് ഉൽപതിഷ്ണുക്കൾ തുടങ്ങിവെച്ച പരിപാടിയല്ലേ? അതിനാൽ നാമെങ്ങനെയാണ് അതിനെ അനുകൂലിക്കുക. ആളുകൾ പറയില്ലേ, നമ്മൾ അവരുടെ കൂടെ കൂടി പുത്തൻ പരിപാടി നടപ്പിലാക്കുകയാണെന്ന്? ഇത്തരം വാദങ്ങളിലൊന്നും വഞ്ചിതരാവരുത്. ബിദ്അത്തുകാരുടെ കാര്യം വിടുക. അവർക്ക് സമൂഹത്തിൽ അത്ര സ്ഥാനമൊന്നുമില്ല. മുഅ്തസിലിയാക്കളെപ്പോലെ അവർ നിരത്തുന്ന കാര്യങ്ങൾ അവരിലധികപേരും ചെയ്യാറില്ല. നീ നിന്റെ കാര്യം ശ്രദ്ധിക്കുക, വിചാരണനാളിൽ അല്ലാഹുവിന്റെ കോടതിയിൽ നാമെന്ത് ഒഴികഴിവുകളാണ് പറയുക? നിങ്ങൾ വിജയത്തിലേക്ക് വരുവിൻ എന്ന് പറയുമ്പോൾ, പള്ളിയിലേക്ക് വരുന്ന, എല്ലാ വെള്ളിയാഴ്ചയും തന്റെ മുമ്പിൽ വന്ന് സ്വഫ്ഫായിരിക്കുന്ന ഒരു സമൂഹത്തിനു മുമ്പിൽ യാതൊരു ബുദ്ധിമുട്ടുമില്ലാതെ പ്രബോധനം ചെയ്യാൻ അവസരമുണ്ടായിട്ടും ഇത്തരം സാമൂഹികവിപത്തിനെതിരെ വിരലനക്കാതെ പുത്തൻവാദികളെ മുൻകടക്കേണ്ടിവരുമെന്നു പറഞ്ഞ് തടിതപ്പിയാൽ റബ്ബിന്റെ കോടതിയിൽനിന്നും രക്ഷപ്പെടാൻ നമുക്കാകുമോ? എല്ലാ ദിവസവും സമൂഹത്തിന്റെ ഭക്ഷണം കഴിക്കുന്നവർ, മാസാന്തം അവരുടെ ശമ്പളം പറ്റുന്നവർ ഓരോ വാർത്തയിലും അവരുടെ ദുരിതത്തിന്റെ കഥനഭാരങ്ങൾ കേൾക്കുമ്പോൾ എങ്ങനെ ഈ വിഷയത്തിൽ മൗനികളാവും? ഭക്ഷണവും ശമ്പളവും കളങ്കരഹിതമാവണമെങ്കിൽ, അത് ഭക്ഷിക്കുന്ന സന്താനങ്ങൾ സ്വാലിഹുകളാവണമെങ്കിൽ ഉത്തരവാദപ്പെട്ടവർ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും വേണം. സകാത്ത് കൊടുത്തു വീട്ടൽ ധനികന്റെ ഔദാര്യമല്ല. അവന്റെ നിർബന്ധ ബാധ്യതയാണെന്നു പറഞ്ഞതുപോലെ. ബന്ധപ്പെട്ടവരോട് ഉപദേശവും വഅ്ളും നടത്തുന്നത് മഹാമനസ്കതയൊന്നുമല്ല. എന്നാൽ അനുഭവിക്കുന്ന സുഖങ്ങൾക്കുള്ള, ആനുകൂല്യങ്ങൾക്കുള്ള ഉപാധിയാണത്. ഒരു ധനികൻ ലുബ്ധനായാൽ അത് അവനും അവന്റെ സ്വത്തിനും കുടുംബത്തിനുമാണ് ബാധിക്കുക. അവന്റെ നാട് അതുകൊണ്ട് ദുഷിക്കുകയില്ല.

നാട്ടിൽ അപകടങ്ങൾ വർധിക്കുകയും പണ്ഡിതൻ മൗനിയാവുകയും ചെയ്താൽ നാട് ദുഷിക്കുകയും പണ്ഡിതന്റെമേൽ ദൈവശാപമുണ്ടാവുകയും ചെയ്യും. അവൻ ഉപദേശിക്കുകയും നന്നാക്കുകയും ചെയ്താൽ നാട് നന്നാകും. ഇനി നന്നായില്ലെങ്കിലോ അല്ലാഹുവിന്റെയടുത്ത് കാരണം ബോധിപ്പിക്കാൻ സാധിക്കുമല്ലോ? ഹ. അലി(റ) പറയുന്നു: 'നിങ്ങൾ നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുക. നന്മ കൽപിച്ചതു നിമിത്തം ആരുടെയും ഭക്ഷണം തടയപ്പെട്ടിട്ടില്ല. ആരുടെയും മരണം നേരത്തെയായിട്ടുമില്ല. നിങ്ങൾ ഉപദേശിക്കുക. അല്ലാഹുവിൽ ഭരമേൽപിക്കുക. ഒരിക്കലും ഭയപ്പെടേണ്ട. നിങ്ങൾ അല്ലാഹുവിനെ സഹായിച്ചാൽ അല്ലാഹു നിങ്ങളെയും സഹായിക്കും. അവൻ നിങ്ങളുടെ പാദങ്ങളെ സ്ഥിരപ്പെടുത്തുകയും ചെയ്യും. അല്ലാഹു നിങ്ങളെ സന്മാർഗത്തിലേക്ക് നയിക്കുന്നതാണ്. അവൻ അർഹിക്കുന്ന പ്രതിഫലം നിങ്ങൾക്ക് നൽകുന്നതാണ്. അവൻ ഒരിക്കലും വഗ്ദത്തം ലംഘിക്കുന്നതല്ല.' ■